LIBRARY ARCHIVES Kerala Legislative Assembly

EVICTED PEOPLE FROM VENDURUTHY

139. (338) മിസ്റ്റർ കെ. കെ. വിശ്വനാഥൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടി പറയുമോ.—

(എ) വെണ്ടുരുത്തിയിലെ സ്ഥലമെടുപ്പുമൂലം വീടില്ലാതായിതീർന്നവർ എത്ര;

(ബി) അവർക്കെല്ലാവർക്കും വേറെ സ്ഥലം ഗവൺമെണ്ട കൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രപേർക്ക് ഇനിയും സ്ഥലം കൊടുക്കേണ്ടതായിട്ടുണ്ട്?

മിസ്റ്റർ കെ അയ്യപ്പൻ:

(എ) ഉദ്ദേശം ന്യൂ റ വീട്ടുകാർ.

(ബി) ഇല്ല.

(സി) (എ) ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുള്ള ന്യൂ റ വീട്ടുകാരിൽ ന റ ം വീട്ടുകാർ മാത്രമേ വേറെ വീടിനു സ്ഥലം ആവശ്യപ്പെട്ടുള്ളൂ. ഇതിൽ ന ം ന്യ അപേക്ഷകർക്ക വേറെ വീടു വെക്കുന്നതിനു നെട്ടർ സ്ഥലം അനുവദിച്ചു കൊടുത്തു. ബാക്കിയുള്ള ന റ അപേക്ഷകർ അപേക്ഷ കൊടുത്തതിൽ പിന്നെ ഇതുവരെ സ്ഥലം കിട്ടാതെ ആവലാതിപ്പെട്ടിട്ടില്ല.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഇതിൽ ന ം ന്യ അപേക്ഷകർക്ക സ്ഥലം കൊടുത്തു എന്നു പറയുന്നുണ്ട്. ബാക്കി ന റ അപേക്ഷകർക്ക് സ്ഥലം കൊടുക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ആലോചിക്കാം.

TEACHING IN ARABI—PARTICULARS OF

140. (359 A.) **Mr A. K. Sankunny** *(Nominated)*: Will Government be pleased to state.—

(a) whether teaching in Arabi Language is imparted to Mohammedan pupils in Sreemoolanagaram Sirkar Primary School;

(b) whether there is any other school in Vellarappilli, where the said tuition is given to Mohammedans;

(c) the number of Mohammedan pupils attending that School?

Mr. C. A. Ouseph *(Minister for Education and Public Health)*:

(a) Yes.

(b) No.

(c) 55. (36 Boys and 19 Girls).

PANCHAYAT ACT—ENFORCEMENT OF

141. (230) മിസ്റ്റർ എ. കെ. കുഞ്ഞു മൊയ്തീൻ: താഴെ എഴുതുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടി പറയുമോ?

പുതിയ പഞ്ചായത്തു് ആക്ട് എപ്പോൾ നടപ്പിൽ വരുമെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുതിയ പഞ്ചായത്തു് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ (Rules) ഉണ്ടാക്കിക്കഴിഞ്ഞാൽ ഉടനെ നടപ്പിൽ വരുത്തുന്നതാണു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: Panchayat Act എപ്പോൾ നടപ്പിൽ വരുത്തും എന്നുള്ള ചോദ്യത്തിനു് റൂളുകൾ ഉണ്ടാക്കികഴിഞ്ഞാൽ ഉടനെ നടപ്പിൽ വരുത്തും എന്നു് മറുപടി പറഞ്ഞിട്ടുണ്ട്. അതിൽ ഉടനെ എന്നു പറഞ്ഞിട്ടുള്ളതു് എത്രത്തോളം വരാവുന്നതാമസമാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് പൊതുജനങ്ങളുടെ അഭിപ്രായത്തിനു വേണ്ടി അടുത്ത തിരഞ്ഞെടുപ്പിനുമുമ്പു് നടപ്പിൽ വരുത്തുന്നതാണു്.

BRIDGE CONNECTING PARUR AND CHERAI—NEGOTIATIONS REGARD ING

142. (66 A.) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

Whether the Government have made negotiations with the Travancore Government for a bridge to be put up from Parur to Cherai?

Mr. K. Ayyappan *(Minister for Works and Revenue)*: No.

Mr. M. I. Paul *(Elankunnapuzha)*: May I know what objection is there for our Government to make negotiations with Travancore Government to put up a bridge between Cherai and Parur?

മിസ്റ്റർ കെ. അയ്യപ്പൻ: ചെറായിയും പറവൂരും തമ്മിൽ കൂട്ടി യോജിപ്പിക്കത്തക്ക വിധത്തിൽ ഒരു പാലം കെട്ടണമെന്നു് അടുത്ത ഒരു ആലോചന ഉണ്ടായി. ഏറണാകുളം വൈപ്പിൻപാലം പദ്ധതി എടുക്കാൻ തീരുമാനിച്ചപ്പോൾ ചെറായി പറവൂർ പാലം കാര്യം പിന്നീടു് എടുത്തില്ല.